I/84872/2023

**ഭരണഭാഷമാതൃഭാഷ**

TCPTVM/153/2023-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in

തീയതി: 02-02-2023

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - **കെട്ടിട നിർമ്മാണം - കൺകറൻസ് അനുവദിക്കുന്നത്-സംബന്ധിച്ച്.**

സൂചന : തിരുവനന്തപുരം നഗരസഭ വട്ടിയൂർക്കാവ് സോണൽ അസിസ്റ്റൻറ് എഞ്ചിനീയറുടെ 19.01.2023 ലെ VTZ/ A2 / 6289 / 22 നമ്പർ കത്ത്.

തിരുവനന്തപുരം നഗരസഭയിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 329/14-1 ൽ ഉൾപ്പെട്ട 0.92 ആർ സ്ഥലത്ത് PMAY പദ്ധതി പ്രകാരം 57.11 ച .മി പ്ലിന്ത് ഏരിയ ഉള്ള വാസഗൃഹത്തിന്റെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ, G.O.(Ms) No.179/2022/LSGD dated 08/08/2022 3.(i) പ്രകാരം സർക്കാർ പുറത്തിറക്കിയ ഇടക്കാല വികസന ഉത്തരവിലെ നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിലെ Public and Semi Public Use Zone (പബ്ലിക് & അർദ്ധ പബ്ലിക് ഉപയോഗ മേഖല ) ൽ തെറ്റായി ഉൾപ്പെട്ട സ്വകാര്യ ഭൂമിയിൽ 300 ച. മീ വരെയുള്ള വാസഗൃഹനിർമാണത്തിന്, വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പാക്കിക്കൊണ്ട്, ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി KMBR 2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

1. നിർദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം , 08/08/2022 തീയതിയിലെ 179/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദിഷ്ട വസ്തുവിന്റെ അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, വസ്തു നിലം, പുറമ്പോക്ക് എന്നിവയിൽ ഉൾപ്പെടുന്നില്ലന്നും പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ലെന്നും ഉറപ്പു വരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്.
3. കെ.എം.ബി.ആർ.2019 ചട്ടം 5 (6)(c) പ്രകാരമുള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ

അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ.2019 നും നാളിതുവരെ യുള്ള ഭേദഗതിക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം .

4. പ്രസ്തുത നിർമ്മാണം KMBR - 2019 chapter -VII ( Building construction under approved scheme )ചട്ടം 52 പ്രകാരം അംഗീകൃത സ്കീമിൽ ഉൾപെടുന്നതാണെന്നു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ് . കൂടാതെ നിർമ്മാണം KMBR - 2019 ചട്ടം 53 ( Area & Floor restrictions ) , ചട്ടം 54 ( Setback Provisions )പ്രകാരം പാലിച്ചു കൊണ്ടാണ് എന്നും സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ് .
5. പ്രസ്തുത പ്ലോട്ടിനോട് ചേർന്നു സ്ഥിതി ചെയ്യുന്നതും minimum 4 .40 m വീതി ഉൾപെടുകാണുന്ന ചിറക്കുളം റോഡ് kerala muncipality act , section 383 -A യുടെ പരിധിയിൽ ഉൾപെടുന്നില്ലയെന്നു സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ് .
6. കെട്ടിടത്തിന്റെ സെക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സൈറ്റ് പ്ലാനിൽ ഉൾ പ്പെടുത്താത്തതുമായ Open stair case to Terrace floor , KMBR -2019 ചട്ടം 26 (10 ) പ്രകാരം ചട്ട ലംഘനം ഉള്ളതിനാൽ മേൽ പറഞ്ഞ stair case കെട്ടിടത്തിൽ ചട്ടപ്രകാരം അനുവദനീയമല്ല .
7. നഗരസഭാ / കോർപറേഷൻ സെക്രട്ടറി നൽകുന്ന അനുമതി പ്രകാരമേ കെട്ടിട നിർമ്മാണം ആരംഭിക്കാവൂ.
8. കെ.എം.ബി.ആർ.2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
9. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
10. നിർമ്മാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
11. നിർദിഷ്ട നിർമ്മാണം, വാസഗൃഹത്തിനു മാത്രമാകുന്നു . കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലോ വിനിയോഗഗണത്തിലോ മാറ്റം വരുത്താൻ പാടില്ല.
12. മറ്റു എജൻസികളിൽ നിന്ന് നിരാക്ഷേപപത്രം / അനുമതികൾ ആവശ്യമെങ്കിൽ ആയതു നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 02-02-2023 12:11:50

RAJESH T N
TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1)

പകർപ്പ്(അറിവിലേയ്ക്കായി)
Smt.Rajitha Kumari.G,
P.G Bhavan, Chalachal,
Anavoor P.O